പത്രക്കുറിപ്പ്
26-06-2018

**കുടുംബശ്രീയെ അടുത്തറിഞ്ഞ്**
**നോബൽ പുരസ്കാര ജേതാവ് മുഹമ്മദ് യൂനുസ്**

തിരുവനന്തപുരം: ഗ്രാമീൺ ബാങ്ക് എന്ന വിപ്ളവകരമായ ആശയം നടപ്പാക്കിയതിലൂടെ ദരിദ്ര ജനതയെ സാമ്പത്തിക ശാക്തീകരണത്തിലേക്ക് നയിച്ച ബംഗ്ളാദേശിലെ സാമ്പത്തിക ശാസ്ത്രജ്ഞനും നോബൽ പുരസ്കാര ജേതാവുമായ മുഹമ്മദ് യൂനുസ് സംസ്ഥാനത്ത് കുടുംബശ്രീ മുഖേന നടപ്പാക്കുന്ന സ്ത്രീശാക്തീകരണ ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങൾ അടുത്തറിയാൻ എത്തിയത് വേറിട്ട അനുഭവമായി. സെക്രട്ടേറിയറ്റിൽ കുടുംബശ്രീ ഉദ്യോഗസ്ഥരുമായുള്ള സംവാദത്തിൽ അദ്ദേഹം തന്റെ ആശയങ്ങൾ പങ്കു വച്ചപ്പോൾ കുടുംബശ്രീക്ക് ലഭിച്ചത് പുതിയ ലക്ഷ്യസാക്ഷാത്ക്കാരത്തിനുള്ള പ്രചോദനം.

സാമ്പത്തിക ആനുകൂല്യങ്ങളല്ല, സ്ഥിര വരുമാനം നേടുന്നതിനുള്ള സാഹചര്യം ഒരുക്കുകയാണ് ദാരിദ്ര്യനിർമാർജനത്തിനാവശ്യമെന്ന് അദ്ദേഹം പറഞ്ഞു. ദാരിദ്ര്യത്തിൽ നിന്നും കരകയറുന്നതിന് സുസ്ഥിരമായ വരുമാന മാർഗങ്ങൾ സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. ഇതിന് സംരംഭമേഖലയെ പ്രോത്സാഹിപ്പിക്കണം. എല്ലാവരും സംരംഭകരാണ്. സംരംഭങ്ങൾ തുടങ്ങാൻ ചെലവഴിക്കുന്ന മൂലധനം ഓക്സിജനു തുല്യമാണ്. അതുകൊണ്ടു തന്നെ സംരംഭകത്വശേഷി ഫലപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിനും വരുമാന മാർഗം സൃഷ്ടിക്കുന്നതിനും സാമ്പത്തിക പിന്തുണ ലഭ്യമാകുക എന്നത് വളരെ പ്രധാനമാണ്. പരാജയപ്പെട്ട വഴികളിൽ നിന്നും മാറി നടന്നുകൊണ്ട് പുതിയ ആശയങ്ങൾ കണ്ടെത്താനാണ് നമ്മൾ ശ്രമിക്കേണ്ടത്. പുതു തലമുറ സ്വാർത്ഥത വെടിഞ്ഞ് സാമൂഹ്യപ്രതിബദ്ധതയോടും സമത്വഭാവനയോടും നൂതന ആശയങ്ങൾ കൈവരിച്ചു കൊണ്ട് സാമൂഹ്യസംരംഭകരായി മാറാൻ ശ്രമിക്കണം. ഇപ്രകാരം സാമൂഹ്യ പ്രതിജ്ഞാബദ്ധതയുള്ള യുവസംരംഭകരെയാണ് ബിസിനസ് സ്കൂളുകൾ വാർത്തെടുക്കേണ്ടത്. അതു സാധ്യമാകുമ്പോൾ തൊഴിൽ അന്വേഷകർ എന്നതിൽ നിന്നും തൊഴിൽ ദാതാക്കൾ എന്ന നിലയിലേക്ക് നമുക്ക് ഉയരാൻ കഴിയും. സംസ്ഥാനത്ത് കുടുംബശ്രീ മുഖേന നടപ്പാക്കുന്ന സൂക്ഷ്മസംരംഭങ്ങൾ, തെരുവുനായ നിയന്ത്രണ പദ്ധതി മാതൃകാപരമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ടി.കെ ജോസ്, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ എന്നിവർ കുടുംബശ്രീ പ്രവർത്തനങ്ങളെ കുറിച്ച് വിശദീകരിച്ചു. കുടുംബശ്രീ പ്രോഗ്രാം ഓഫീസർമാർ, പ്രോഗ്രാം മാനേജർമാർ, സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർമാർ, പബ്ളിക് റിലേഷൻസ് ഓഫീസർ എന്നിവർ പങ്കെടുത്തു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ